അട്രോസിറ്റി ആക്ട്

256 (2536) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്രോസിറ്റി ആക്ട് അനുസരിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം ഇവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 3845 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989, 1995 ലെ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള ആശ്വാസ ധനസഹായം യഥാസമയം അനുവദിക്കുന്നുണ്ട്.

ഗാന്ധിഗ്രാമം പദ്ധതിക്ക് ചെലവഴിച്ച തുക

257 (2537) ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗാന്ധിഗ്രാമം പദ്ധതിക്ക് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ടി പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുക നീക്കിവച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള വകയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly